## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6243. 08-07-2014-ൽ മറുപടിക്ക്.

### ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല

**ചോദ്യം:**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും പ്രസ്തുത പരിപാടി ഏത് തരത്തിലാണ് സംസ്ഥാനത്താകെ സംഘടിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് ജില്ലാ തലത്തിൽ പ്രത്യേക യൂണിറ്റുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ)-യും, (ബി)-യും

എക്സൈസ് വകുപ്പിൽ, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ്, സംസ്ഥാനത്ത് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല. ടി ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് കമ്മീഷണർ ആഫീസിൽ അവയർനെസ് പ്രോഗ്രാം കോ-ഓർഡിനേഷൻ എന്ന ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ടി വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. ജില്ലാ തലങ്ങളിലെ ബോധവൽക്കരണ ചുമതല അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. ജില്ലാ തലത്തിൽ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ആഫീസർ